# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1022 — 1/3/2017-ലെ മറുപടിയ്ക്ക്

## ശരണ്യ സ്വയംതൊഴിൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ഡി. പ്രസേനൻ | ശ്രീ. റ്റി.പി. രാമകൃഷ്ണൻ<br>(ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ശരണ്യ സ്വയംതൊഴിൽ പദ്ധതിയിൽ അംഗമാകാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന വനിതകൾക്ക് ശരണ്യ പദ്ധതിയിൽ അംഗമാകാവുന്നതാണ്:-<br><br>(1) അപേക്ഷക കേരളത്തിലെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ള തൊഴിൽരഹിത യായിരിക്കണം.<br>(2) വിധവ, നിയമാനുസൃതം വിവാഹമോചനം നേടിയ സ്ത്രീ, ഭർത്താവ് ഉപേക്ഷിക്കുകയോ/ ഭർത്താവിനെ കാണാതാകുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിത, പട്ടിക വർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷി ക്കാരായ വനിതകൾ ശയ്യാവലംബരും നിത്യരോഗികളുമായ (അരക്കു് കീഴ്‌പോട്ട് തളർന്നവർ, ക്യാൻസർ, മാനസികരോഗം, ഹീമോഫീലിയ തുടങ്ങിയവ) ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ വിഭാഗങ്ങളിൽ ഏതിലെങ്കിലും ഉൾപ്പെടുന്ന വനിതകൾക്ക് ഈ പദ്ധതിയിൽ അംഗമാകാവുന്നതാണ്.<br><br>(3) അപേക്ഷകയുടെ പ്രായം 18 വയസ്സിനും 55 വയസ്സിനും മദ്ധ്യേ ആയിരിക്കണം. അവിവാഹിതരായ സ്ത്രീകൾക്ക് 30 വയസ്സ് കഴിഞ്ഞിരിക്കണം. |

| | |
|---|---|
| | (4) അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയാൻ പാടില്ല. |
| ബി) പ്രസ്തുത പദ്ധതിയിൽ അംഗങ്ങൾക്ക് ലഭിക്കാവുന്ന പരമാവധി ലോൺ തുക എത്രയാണെന്ന് അറിയിക്കാമോ; | ബി) ഒരു വ്യക്തിക്ക് പരമാവധി 50,000/- (അൻപതിനായിരം ) രൂപ വരെയാണ് സാധാരണ ഗതിയിൽ പലിശരഹിത വായ്പ അനുവദിക്കുന്നത്. വായ്പാതുകയുടെ 50% - പരമാവധി 25,000/- രൂപ സബ്സിഡിയായി അനുവദിക്കുന്നതാണ്. എന്നാൽ പ്രോജക്ട് നോക്കി ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. അപ്രകാരം അനുവദിക്കുമ്പോൾ 50,000/- രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3% (ഫ്ലാറ്റ് നിരക്കിൽ) പലിശ ഈടാക്കുന്നതാണ്.<br><br>നല്ല രീതിയിൽ സംരംഭം നടത്തിക്കൊണ്ടുപോകുകയും ആദ്യ വായ്പയുടെ 50 ശതമാനമെങ്കിലും തിരിച്ചടയ്ക്കുകയും ചെയ്യുവർക്ക്, സംരംഭം വിപുലീകരിക്കുന്നതിന് ജില്ലാതല സമിതിയുടെ ശുപാർശ പ്രകാരം ആദ്യ വായ്പ തുകയുടെ 80%-ത്തിൽ കവിയാത്ത തുക തുടർവായ്പയായി (ഒരിക്കൽ മാത്രം) അനുവദിക്കുന്നതാണ്. |
| സി) പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾക്ക് ഈ പദ്ധതിയിൽ അംഗമാകുന്നതിന് എന്തെങ്കിലും ഇളവുകൾ ഉണ്ടോ; വിശദമാക്കുമോ? | സി) പട്ടികവർഗ്ഗ വിഭാഗത്തിലുള്ള അവിവാഹിതരായ അമ്മമാർക്ക് ടി പദ്ധതിയിൽ അപേക്ഷ സമർപ്പിക്കാൻ അർഹതയുണ്ട്. പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾക്ക് പ്രത്യേക ഇളവുകൾ ഇല്ല. |

സെക്ഷൻ ഓഫീസർ